## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4353 — 17.05.2017 ൽ മറുപടിക്ക്

## ബേഡഡുക്ക, മുളിയാർ, പെരിയ സർക്കാർ ആശുപത്രികൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, മുളിയാർ, പെരിയ എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളെ സി.എച്ച്.സി.കൾ ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. 06.11.2008 ലെ ജി.ഒ(എം.എസ്സ്) 568/08/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരമാണ് സി.എച്ച്.സി ആയി ഉയർത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഉത്തരവിനനുസൃതമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; | (ബി) | ഇല്ല. ആർദ്രം മിഷന്റെ ഭാഗമായുള്ള സ്റ്റാന്റഡൈസേഷൻ പ്രൊപ്പോസലിൽ പെരിയ സി.എച്ച്.സി യും മുളിയാർ സി.എച്ച്.സി യും ഉൾപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് പെരിയ സി.എച്ച്.സി യിൽ ഡോക്ടർമാരുടെ 4 തസ്തിക ഉൾപ്പടെ മൊത്തം അധിക 22 തസ്തികയും, മുളിയാർ സി.എച്ച്.സി യിൽ ഡോക്ടർമാരുടെ 5 തസ്തിക ഉൾപ്പടെ മൊത്തം 30 അധിക തസ്തികയും സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത ആശുപത്രികളിൽ നിലവിൽ ഐ.പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ ആയത് തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. ബേഡഡുക്ക സി.എച്ച്.സി യിൽ 20 കിടക്കകളോടുകൂടിയ ഐ.പി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഒ.പി.വിഭാഗങ്ങളിൽ സാധാരണ ദിവസങ്ങളിൽ 250-350 രോഗികളും മഴക്കാലത്ത് 450-600 രോഗികളും ചികിത്സയ്ക്ക് എത്തുന്നു. കൂടാതെ നിലവിൽ ഈ സ്ഥാപനം എൻഡോസൾഫാൻ പ്രോജക്ടിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുകയും 2 നിലകളിലായി 12 കിടക്കകൾ വീതം 24 കിടക്കകളോടുകൂടിയ കെട്ടിടത്തിന്റെ പണി അവസാന ഘട്ടത്തിലെത്തി നിൽക്കുകയാണ്. മുളിയാർ സി.എച്ച്.സി യിൽ 4 ഡോക്ടർമാരടക്കമുള്ള ആശുപത്രി ജീവനക്കാർ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 12 കിടക്കകളോടുകൂടിയ ഐ.പി.യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലാബ് സൗകര്യം ലഭ്യമാണ്. പെരിയ സി.എച്ച്.സി യിൽ 12 കിടക്കകളോടു കൂടിയ ഐ.പി.യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലാബ് സൗകര്യം ലഭ്യമാണ്. പെരിയ സി.എച്ച്.സി യിൽ 12 കിടക്കകളോടുകൂടിയ ഐ.പി.യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലാബ്, ഫാർമസി സൗകര്യം ലഭ്യമാണ്. ടി സി.എച്ച്.സി യിൽ 6 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. രോഗികൾക്ക് ആർ.എസ്.ബി.വൈ സൗകര്യം, ഉച്ചഭക്ഷണം എന്നിവ ലഭ്യമാണ്. ഒരു ദിവസം ഏകദേശം 10 രോഗികൾ ഐ.പി.വിഭാഗത്തിൽ ചികിത്സയെടുക്കുന്നുണ്ട്. ഇ.സി.ജി സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ